പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക ബാദ്ധ്യത

ചോദ്യം

ശ്രീ. ജി. എസ്. ജയലാൽ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്ര തുകയുണ്ടെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ട്. 1,204.55 കോടി രൂപയുടെ ബാദ്ധ്യത യുണ്ട്. |
| (ബി) | സ്ഥാപനത്തിന് നിലനിൽക്കുവാൻ കഴിയാത്തവിധമുള്ള സാമ്പത്തിക ബാദ്ധ്യത ഉണ്ടായാൽ ആയത് പരിഹരിക്കുന്നതിലേക്ക് അടിയന്തിരമായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (ബി) | ഡീസൽ വില വർദ്ധനവ് മൂലമുള്ള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ താൽക്കാലിക സാമ്പത്തിക സഹായമായി 28 കോടി രൂപ കെ.എസ്.ആർ.ടി.സി. ക്കു നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും, 2013 മാർച്ച് മാസത്തിൽ വായ്പയിനത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. |
| (സി) | സ്ഥാപനത്തിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കാക്കുമ്പോൾ നിലവിലുള്ള ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ കണക്ക് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. പുനസംഘടിപ്പിച്ച് പ്രവർത്തനസജ്ജമാ | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ വരവും-ചെലവും തമ്മിലുള്ള അന്തരം കുറച്ച് |

| | | | |
|---|---|---|---|
| | ക്കുവാൻ നടപടി സ്വീകരിക്കുമോ? | | ലാഭത്തിലേക്ക് നയിക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ ആന്റ് വർമ്മ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്.ആർ.ടി.സി. യുടെ ഭരണ നിർവ്വഹണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ടി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോർപ്പറേഷൻ നടപ്പിലാക്കേണ്ടുന്ന കാര്യങ്ങളായ ഷെഡ്യൂളുകളുടെ പുനഃക്രമീകരണം, വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാർ ഉൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിക്കുകയും ചെലവിൽ കുറവ് വരികയും, വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ